## പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 929** — **28.04.2017-ന് മറുപടിയ്ക്ക്**

## മാങ്കയിൽ സ്കൂളിന്റെ ചുറ്റുമതിൽ

| ചോദ്യം<br>ശ്രീ.എം. സ്വരാജ് | | മറുപടി<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | തൃപ്പൂണിത്തുറ മണ്ഡലത്തിലെ മരട് നഗരസഭയിലെ മാങ്കയിൽ സ്കൂളിന്റെ ചുറ്റുമതിൽ പുനർനിർമ്മിക്കുന്നതിനു മുൻപായി ഒരു വശത്തെ റോഡിന്റെ വികസനത്തിനായി സ്ഥലം വിട്ടുനൽകണമെന്ന അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഈ അപേക്ഷ ഡി.പി.ഐ യുടെ റിപ്പോർട്ടിനായി അയച്ചിട്ടുണ്ടോയെന്നും എങ്കിൽ ആയതു സംബന്ധിച്ച ഫയൽ നമ്പരും പ്രസ്തുത ഫയലിന്റെ നിലവിലെ സ്ഥിതിയും എന്താണെന്നും അറിയിക്കുമോ; | (ബി) | ഡി.പി.ഐ യുടെ ഡബ്ല്യു(3) 80507/2016/ഡി.പി.ഐ. നമ്പർ ഫയലിൽ പ്രസ്തുത അപേക്ഷയിന്മേലുള്ള നടപടി സ്വീകരിച്ചുവരുന്നു. മരട് മുനിസിപ്പാലിറ്റിയുമായി ബന്ധപ്പെട്ട് സ്കൂൾ സ്ഥലം നഷ്ടപ്പെടുത്താതെ ചുറ്റുമതിൽ നിർമ്മാണം നടത്താൻ മാങ്കായിൽ സ്കൂളിന്റെ പ്രധാനാദ്ധ്യാപകന് നിർദ്ദേശം നൽകിയിരുന്നുവെങ്കിലും മതിൽ നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. |
| (സി) | പ്രസ്തുത പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കുന്നതിന് | (സി) & (ഡി) | ബഹു. എം.എൽ.എ. അഡ്വ.എം.സ്വരാജ് മുഖേന തദ്ദേശവാസികളുടെ അപേക്ഷ ലഭിച്ചിട്ടുണ്ട്. സ്കൂൾ സ്ഥലം നഷ്ടപ്പെടാതെ |

ഏതെങ്കിലും അപേക്ഷ ലഭിച്ചിട്ടുണ്ടോയെന്നും എങ്കിൽ ആയതിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ;

(ഡി) പ്രസ്തുത പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ചുറ്റുമതിൽ നിർമ്മാണം നടത്തുവാൻ മാങ്കയിൽ സ്കൂളിന്റെ പ്രധാനാദ്ധ്യാപകന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഏകദേശം 250 മീറ്ററിലധികം നീളത്തിൽ സ്കൂളിന്റെ സ്ഥലം റോഡിനോട് ചേർന്നാണ് കിടക്കുന്നത്. ഇതിൽ ഏകദേശം 50 മീറ്ററോളം മതിൽ പൊളിച്ചുകളഞ്ഞിട്ടുണ്ട്. ഒരു മീറ്റർ ഉള്ളിലേക്ക് കയറ്റി മതിൽ നിർമ്മിക്കുമ്പോൾ മെയിൻ ഗേറ്റിനോട് ചേർന്ന് സ്ഥിതി ചെയ്യുന്ന കെട്ടിടവും പൊളിക്കേണ്ടി വരും. ടി കെട്ടിടത്തിൽ ക്ലാസുകൾ നടക്കുന്നുണ്ട്. കൂടാതെ ടെക്സ്റ്റ് ബുക്ക് സ്റ്റോറും ഉച്ചഭക്ഷണത്തിനുള്ള ഡൈനിംഗ് ഹാളും ടി കെട്ടിടത്തിലാണുള്ളത്.

സെക്ഷൻ ഓഫീസർ